പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4763

29/06/2012-ൽ മറുപടിക്ക്

## കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; | (എ) | ഓരോ അയൽക്കൂട്ടത്തിന്റെയും ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി സിഡിഎസ്സിന്റെ നേതൃത്വത്തിൽ സാമ്പത്തിക, സാമൂഹിക, ശാക്തീകരണ കർമ്മപരിപാടിക്ക് രൂപം നൽകി വരുന്നു. ഇതിനായി അയൽക്കൂട്ടതലത്തിൽ വിവരശേഖരണം നടന്നു വരുന്നു. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സിഡിഎസ്, എഡിഎസ് അയൽക്കൂട്ടതലത്തിൽ പരിശീലന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. സിഡിഎസ് തല പരിശീലനം പൂർത്തിയായി. എഡിഎസ്, അയൽക്കൂട്ടതലപരിശീലനം സെപ്തംബർ മാസത്തോടെ പൂർത്തിയാക്കും.<br>വരുമാനദായക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംരംഭ പ്രവർത്തനങ്ങളും, സംഘകൃഷി പ്രവർത്തനങ്ങളും വിപുലപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഹോംഷോപ്പും, മാസചന്തയും കൂടുതൽ വിപുലവും, കാര്യക്ഷമമാക്കാനും നടപടി സ്വീകരിച്ചു വരുന്നു. അയൽക്കൂട്ടങ്ങളുടെ ബാങ്ക് ലിങ്കേജ് വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ അയൽക്കൂട്ടത്തിന്റെ പ്രവർത്തനവും മോണിറ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു. |
| (ബി) | പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തി ഓരോ കുടുംബത്തിൽനിന്നും ഒരംഗത്തെ ഇതിൽ ഉൾപ്പെടുത്തുമോ ; | (ബി) | ഉൾപ്പെടുത്തും. ഇതു സംബന്ധിച്ച വിവരശേഖരണം നടന്നു വരുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ? | (സി) | ഓരോ അയൽക്കൂട്ടത്തിനു സമീപപ്രദേശങ്ങളിലും അയൽക്കൂട്ട അംഗമാകാത്ത എസ്.സി., എസ്.റ്റി., ഭാഷാന്യൂനപക്ഷം, മത്സ്യമേഖല, ശാരീരിക-മാനസിക വൈകല്യമുള്ള വിഭാഗങ്ങൾ എന്നിവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വിവരശേഖരണം പൂർത്തിയായാലുടൻ ഇവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് രൂപം നൽകും. ഇവരുടെ സാമ്പത്തിക സാമൂഹിക പുരോഗതിയ്ക്കുള്ള പ്രത്യേക പരിപാടികൾ എൻ.ആർ.എൽ.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ